# പുകയില ഉല്പന്നങ്ങളും ഗുഢ്കയും നിരോധിച്ചേക്കും

പുകയില ഉല്പന്നങ്ങളുടെ ഉല്പാദനവും വില്പനയും ഉപയോഗവും നിരോധിക്കാൻ കേന്ദ്ര സർക്കാർ തീരുമാനമായതായി കേന്ദ്ര ആരോഗ്യമന്ത്രി സി. പി. താക്കൂർ പാട്നയിൽ വെളിപ്പെടുത്തി.

പുകയിലയുടെ ഉല്പന്നങ്ങളും ഗുഢ്കയും ഉപയോഗിക്കുന്നതുമൂലം യൗവനത്തിലേത്തന്നെ ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ മറ്റും വരുന്നതാണ് നിരോധനം കൊണ്ടുവരാൻ കാരണമെന്നും മന്ത്രി പറഞ്ഞു. യുവാക്കളുടെ അകാലമരണങ്ങൾക്ക് ഈ ഉല്പന്നങ്ങളുടെ ഉപയോഗം കാരണമാകുന്നതായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്യാൻസർ റിസർച്ചിന്റെ പഠനങ്ങൾ വെളിപ്പെടുത്തിയിരുന്നു.

പുകയില ഉല്പന്നങ്ങളുടേയും ഗുഢ്കയുടേയും നിരോധനത്തിനായി 'പുകയില ഉല്പന്ന നിരോധന ബിൽ' പാർലമെന്റിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതായി മന്ത്രി കൂട്ടിച്ചേർത്തു. സിഗരറ്റ്, ബീഡി പോലുള്ള ഉല്പന്നങ്ങൾക്ക് ഇത് ബാധകമാവില്ലെങ്കിലും സുപ്രീം കോടതിയുടെ പൊതു സ്ഥലങ്ങളിലെ പുകവലി നിരോധനം നിലവിലുള്ളതുകൊണ്ട് വളരെയേറെ മാറ്റങ്ങൾ വന്നിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

രാജ്യസഭയിൽ പുകയില പ്രശ്നം ഉന്നയിക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ നിയമമന്ത്രിയുടെ ഉത്തരവിനായി കാത്തിരിക്കുകയാണ്.

## പുകയില ഉല്പന്ന നിരോധനം പ്രഹസനമാകുമോ?

പൊതുസ്ഥലങ്ങളിലെ പുകവലി നിരോധനം പോലെ പുകയില ഉല്പന്ന നിരോധനവും ഗുഢ്ക നിരോധനവും പ്രഹസനമാകുമോ എന്ന ആശങ്കയിലാണ് ജനങ്ങൾ.

പുകയില ഉല്പന്നങ്ങളുടെ നിരോധനം പുകയില,അടയ്ക്കാകർഷകരെയാണ് പ്രധാനമായി ബാധിക്കുക. ഇതുമൂലം തൊഴിലില്ലാതാകുന്ന അനേകായിരം പേർക്ക് മറ്റൊരു വരുമാനമാർഗ്ഗം കണ്ടെത്തേണ്ട ചുമതല കൂടി സർക്കാരിനാകും. പുകയില കർഷകർക്ക് ഔഷധസസ്യങ്ങൾ പകരമായി കൃഷി ചെയ്യാനുള്ള സൗകര്യം ഒരുക്കാമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി സി. പി. താക്കൂർ പറയുന്നു.

കേരളത്തിലെ അടയ്ക്കാവിപണിക്കും നിരോധനം ശക്തമായി ബാധിക്കും. കേരളത്തിലെ നല്ലൊരു ഭാഗം അടയ്ക്ക കയറ്റി അയക്കുന്നത് ഗുഢ്ക പോലുള്ള ഉല്പന്നങ്ങൾക്കാണ്. നിരോധനം വന്നാൽ തങ്ങളുടെ വയറ്റത്തടിക്കലാകുമോ എന്ന ആശങ്കയിലാണ് അടയ്ക്കാകർഷകർ.